# സിറ്റിസൺ അസ്സിസ്റ്റൻറ്
## തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്

(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന് )

### ഉപജില്ലാ അദാലത്ത് സിറ്റിംഗ് തിയ്യതി 25-1-24ന് 02 പി എം.ന്

## മിനുട്സ്

ഹാജർ :

1. ശ്രീ..ഖാലിദ് പി.കെ. ഇൻറേണൽ വിജിലൻസ് ഓഫീസർ (കൺവീനർ)
2. ശ്രീമതി റെനി എൽ.ജെ., ഡെപ്യൂട്ടി ടൌൺപ്ലാനർ, (അംഗം)
3. ശ്രീ..അജയകുമാർ പി. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (അംഗം.)
4. ശ്രീ. മനോജ് കുമാർ, ഓവർസീയർ, പൊന്നാനി നഗരസഭ
5. സെക്രട്ടറി, വളാഞ്ചേരി നഗരസഭ
6. സെക്രട്ടറി, തവനൂർ ഗ്രാമപഞ്ചായത്ത്.
7. സെക്രട്ടറി, ആലംകോട് ഗ്രാമപഞ്ചായത്ത്.
8. സെക്രട്ടറി, ആതവനാട് ഗ്രാമപഞ്ചായത്ത്
9. അനിത, ക്ലർക്ക്, എടപ്പാൾ ഗ്രാമപഞ്ചായത്ത്.
10. അസി. സെക്രട്ടറി, എടയൂർ ഗ്രാമപഞ്ചായത്ത്.
11. ഹെഡ് ക്ലാർക്ക്, കാലടി ഗ്രാമപഞ്ചായത്ത്.
12. അസിസ്റ്റൻറ് സെക്രട്ടറി, നന്നംമുക്ക് ഗ്രാമപഞ്ചായത്ത്.
13. സെക്രട്ടറി, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്.
14. ജതീഷ്, സെക്ഷൻ ക്ലർക്ക്, വട്ടംകുളം ഗ്രാമപഞ്ചായത്ത്.
15. ഓവർസീയർ, കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത്
16. ശ്രീമതി മുല്ലക്കാനകത്ത് സുബൈദ, പൊന്നാനി നഗരസഭ
17. ശ്രീ..ബാലകൃഷ്ണൻ വി.പി., പൊന്നാനി നഗരസഭ
18. ശ്രീ. സൈതലവി (പി. മുഹമ്മദ് സലീം,) വളാഞ്ചേരി നഗരസഭ
19. ശ്രീ..ഹക്കീം കെ.കെ., തവനൂർ GP
20. ശ്രീ..സൈതലവി, ആതവനാട് GP
21. ശ്രീമതി ലക്ഷ്മി, എടപ്പാൾ GP
22. ശ്രീ..മുഹമ്മദ് ഫവാസ്, എടയൂർ GP
23. ശ്രീ. അബ്ദുൾ അസീസ് (ഷക്കീല), കാലടി GP
24. ശ്രീമതി അലീമ വെളിയംകോട് GP
25. ശ്രീ..ഉമ്മർ എം.വി., നന്നംമുക്ക് GP
26. ശ്രീ..സൈനുദ്ദീൻ, നന്നംമുക്ക് GP
27. ശ്രീ..അഹമ്മദ് വൈശ്യാരകത്ത്, പെരുമ്പടപ്പ് GP
28. ശ്രീ..യാക്കുബ്, പെരുമ്പടപ്പ് GP
29. ശ്രീമതി സിജി ടി.വി., വട്ടംകുളം GP
30. ശ്രീ..സൈതലവിക്കോയതങ്ങൾ വി.ടി, കൽപ്പകാഞ്ചേരി GP
31. ഷാഫി, S/o. ശ്രീമതി സൈനബ, കൽപ്പകാഞ്ചേരി GP
32. ശ്രീമതി നസീറ വി.പി., കൽപ്പകാഞ്ചേരി GP

അദാലത്തിൽപരിഗണിച്ചഅപേക്ഷകളുടെ/പരാതികളുടെവിവരം

| Sl No. | Doc. No: | Service Type | Local body | Applicant | Phone |
|---|---|---|---|---|---|
| 1 | BPMPM 20210000033 | Building Permit | Ponnani | Mullakka-nakath Subai-da | 9656369332 |
| 2 | BPMPM 20210000034 | Building Permit | Ponnani | Balakrishnan V P | 9846791682 |
| 3 | BPMPM 20210000035 | Building Permit | Ponnani | Hameed | 9656998857 |
| 4 | BPMPM 21273000006 | Building Permit | Valanchery | P Muhammed Saleem | 9447924935 |
| 5 | BPMPM 20986000010 | Building Permit | Tavanur | Hakkeem K K | 9946434320 |
| 6 | BPMPM 20989000003 | Building Permit | Alamcode | Thahira | 9567394436 |
| 7 | BPMPM 20951000007 | Building Permit | Athavanad | SAITHALAVI | 9188500803 |
| 8 | BPMPM 20988000008 | Building Permit | Edappal | Lakshmi | 9846094180 |
| 9 | BPMPM 20952000003 | Building Permit | Edayoor | Muhammed Favas Suneera | 9895457016 |
| 10 | BPMPM 21222000003 | Building Permit | Kalady | Shakeela | 9995277766 |
| 11 | BPMPM 20993000008 | Building Permit | Veliyancode | Aleema | 9645146465 |
| 12 | TLMPM 20991000005 | Trade Li-cense | Nannamukku | Ummer M V | 9061979289 |

| | | | | | |
|---|---|---|---|---|---|
| 13 | BPMPM 20991000006 | Building Permit | Nannamukku | Sainudheen | 7591993394 |
| 14 | BPMPM 20992000008 | Building Permit | Perumpadappu | Ahammed Vaishyarakath | 9645851578 |
| 15 | BPMPM 20992000009 | Building Permit | Perumpadappu | Muhammed Ali | 9846843889 |
| 16 | BPMPM 20992000010 | Building Permit | Perumpadappu | Yakhoob | 9895466135 |
| 17 | BPMPM 20987000014 | Building Permit | Vattamkulam | Laji K | 9895185831 |
| 18 | BPMPM 20987000015 | Building Permit | Vattamkulam | Siji T.V. | 7907684831 |
| 19 | BPMPM 20987000016 | Building Permit | Vattamkulam | Shemeena Musthafa | 8943645595 |
| 20 | CRMPM 20987000018 | Civil Reg-istrations | Vattamkulam | Haidarali | 8089860259 |
| 21 | BPMPM 20972000006 | Building Permit | Kalpakancheri | Saidalavikoya Tangal VT | 9745597441 |
| 22 | BPMPM 20972000007 | Building Permit | Kalpakancheri | SAINABA | 9995818762 |
| 23 | BPMPM 20972000008 | Building Permit | Kalpakancheri | Abdul Salam K.V. | 9961712115 |
| 24 | BPMPM 20972000009 | Building Permit | Kalpakancheri | Usman MT | 9061654046 |
| 25 | BPMPM 209720000 10 | Building Permit | Kalpakancheri | NASEERA V,P | 9539598426 |

അദാലത്ത് സിറ്റിംഗ് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വെച്ച് 2p.m. ന് ഓൺ ലൈനായി നടത്തി. അദാലത്ത് കൺവീനറും ഇൻറേണൽ വിജിലൻസ് ഓഫീസറുമായി ശ്രീ. ഖാലിദ് പി.കെയും അദാലത്ത് അംഗവും ഡെപ്യൂട്ടി ടൌൺ പ്ലാനറുമായ ശ്രീമതി. റെനി

എൽ .ജെ.യും ജില്ലാ ടൌൺ പ്ലാൻ ഓഫീസിൽനിന്നും അദാലത്ത് അംഗവും കുറ്റിപ്പുറം ബ്ലോക്ക് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ(adnl charge) ശ്രീ. അജയകുമാർ പി.യും സെക്രട്ടറിമാരും, പരാതിക്കാരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു. പരിഗണിച്ച പരാതികളെല്ലാം നവകേരള സദസ്സിൽ ലഭിച്ചവയാണ്.

18/01/2023 ലെ അദാലത്ത് തീരുമാനങ്ങൾ സെക്രട്ടറിമാർ നടപ്പിലാക്കിയത് യോഗം അവലോകനം ചെയ്തു.

## <u>തീരുമാനങ്ങൾ</u>

**പരാതി 1**

**പൊന്നാനി നഗരസഭ**

**ശ്രീമതി. സുബൈദ, മുല്ലക്കാനകത്ത് വാർഡ് 34, വണ്ടിപ്പേട്ട** എന്നവർ എട്ടു വർഷം മുൻപ് ഉണ്ടാക്കിയ വീടിന് നഞ്ച ഭൂമിയിൽ ആയതിനാൽ ഇതുവരെ നമ്പർ ലഭിച്ചില്ല എന്നാണ് പരാതിയായി പറയുന്നത്. പരാതിക്കാരിയായ സുബൈദ 26/06/20021ന് ആർ. ഡി. ഒ. ക്ക് ഫോറം 5ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഇതുവരെയായി യാതൊരു മറുപടിയും ലഭിച്ചില്ലെന്നാണ് അറിയിച്ചത്. ഇപ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനോ കെട്ടിട നമ്പർ അനുവദിക്കുന്നതിനോ സെക്രട്ടറിക്ക് കഴിയില്ല. ആയതിനാൽ 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ ചട്ടം 4(4d)പ്രകാരം 5-ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പ അപേക്ഷ പ്രകാരം ഭൂമി ഡാറ്റാ ബാങ്കിൽനിന്നും നീക്കം ചെയ്ത് ഉത്തരവ് കൈപ്പറ്റിയതിന് ശേഷം ആ രേഖ സഹിതം കെട്ടിട നിർമ്മാണ അനുമതിക്ക് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകി തീരുമാനിച്ചു. അപേക്ഷകൻ 2021ൽ നൽകിയ അപേക്ഷയിൽ ഇത് വരെയും ആർ ഡി ഒ ഓഫീസിൽനിന്നും തീരുമാനം അറിയിക്കാത്തതിനാൽ ഈ പരാതി തിരുർ RDO ക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകന് നൽകേണ്ടതാണ്.

**പരാതി 2**

**പൊന്നാനി നഗരസഭ**

**ബാലകൃഷ്ണൻ ബിപി, വെളിച്ചെണ്ണപറമ്പിൽ, എരിക്കമണ്ണ ഏഴുവത്തിരുത്തി** എന്നവർ 177/2 സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 12 കട മുറികളിൽ ഒരെണ്ണം ഓട് മാറ്റി കോൺക്രീറ്റ് കെട്ടിടം ആക്കിയ ശേഷം പെർമിറ്റിനായി 21/4/2021ന് പൊന്നാനി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 1984 ലെ ആധാര പ്രകാരം നിലം തുർത്ത പറമ്പും, സകല കുഴിക്കുറുകളും, പുരയും പീടികയും കൂടി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ 2008ലെ നെൽവയൽ തണ്ണീർത്തട നിയമം ബാധകമായതിനാലാണ് പ്രസ്തുത കെട്ടിടത്തിൻറെ പെർമിറ്റിനുള്ള അപേക്ഷ നിരസിച്ചതെന്ന് സെക്രട്ടറിക്ക് വേണ്ടി ഹാജരായ ഓവർസീയർ അറിയിച്ചു. പരാതിക്കാരൻ 2021ൽ ഫോറം 6ൽ നൽകിയ അപേക്ഷ ആർ.ഡി.ഒ. നിരസിച്ചതാണ്. പരാതിയിൽ പറയുന്ന ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യപ്പെട്ടതായതിനാൽ RDOക്ക് ഫോറം നം. 5ൽ വീണ്ടും അപേക്ഷ നൽകി എന്നും പരാതിക്കാരൻ അറിയിച്ചു. നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, ചട്ടം 4(4d)പ്രകാരം 5-ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പരാതിക്കാരന് ഇത് വരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO ക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമനിച്ചു.

**പരാതി 3**

**പൊന്നാനി നഗരസഭ**

**ശ്രീ ഹമീദ് മാളിയേക്കൽ ഹൗസ് പൊന്നാനി.** 2014-15 വർഷത്തിൽ വീട് നിർമ്മാണത്തിന് ലഭിച്ച പെർമിഷൻ പ്രകാരം വീട്ടുപണി പൂർത്തിയാവാത്തതിനാൽ പെർമിറ്റ് കാലാവധി തീർന്നിരുന്നു. 2018-19 ൽ വീട്ടുപണി തീർത്ത് നമ്പറിന് അപേക്ഷിച്ചപ്പോൾ വിൽപ്പന നടത്തിയ അഞ്ച് സെന്റ് സ്ഥലത്തിന്റെ കൂടി കൈവശ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് പറഞ്ഞ് നഗരസഭ അധികൃതർ അപേക്ഷ നിരസിച്ചു എന്നാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്. റേഷൻ കാർഡിന് വേണ്ടി താമസ സർട്ടിഫിക്കേറ്റിന് അപേക്ഷ നൽകിയപ്പോൾ സർട്ടിഫിക്കേറ്റ് അനുവദിച്ചില്ല എന്നും പരാതിയിൽ പറയുന്നു. 2014-15 ൽ വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഒരു ഭാഗം വിൽപ്പന നടത്തിയിരുന്നു. ശ്രീ. ഹമീദിന് 41/219A എന്ന വീട് നമ്പർ അനുവദിച്ചിരുന്നു. 1-9-21ന് 1125/- രൂപ ഫീസായും ടിയാൻ അടച്ചതായി കാണുന്നു. നഗരസഭ അധികൃതരുടെ അഭിപ്രായത്തിൽ ടിയാന്റെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലമാണ് വില്പന നടത്തിയത് എന്നാണ്. പരാതിക്കാരനോട് ഫോണിൽ ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ വീട് ഉൾപ്പെടാത്ത ഭാഗമാണ് വില്പന നടത്തിയത് എന്നാണ് ടിയാൻ പറഞ്ഞത്. 41/219A എന്ന കെട്ടിട നമ്പർ നൽകുകയും 889 രൂപ നികുതി ചുമത്തുകയും ചെയ്തിരിക്കുന്നു. 2019-20ൽ നൽകിയ അപേക്ഷ പ്രകാരം 2021 സെപ്തംബർ മാസത്തിലാണ് കെട്ടട നമ്പർ നൽകിയത്. 3556 രൂപ കുടിശ്ശിക അടക്കണം എന്ന് ആവശ്യപ്പെട്ട് നോട്ടീസും നൽകി കാണുന്നു. കുടിശ്ശിക നികുതിയുടെ പലിശ ഇളവിന് ശ്രീ. ഹമീദ് 13-3-23ന് അപേക്ഷ സമർപ്പിച്ചതായും മാർച്ച് 31 വരെ മാത്രമെ പലിശയില്ലാതെ നികുതി അടക്കാൻ കഴിയുകയുള്ളൂ എന്ന മറുപടി 24-3-23ന് ഹമീദിന് നൽകിയതായും കാണുന്നു. സർക്കാർ പലിശ ഇളവ് നൽകിയ ഉത്തരവ് നിലനിൽക്കെയാണ് ആ ആനുകൂല്യം അപേക്ഷകന് നിരസിച്ച് 24-3-23ന് സെക്രട്ടറി കത്ത് നൽകിയത്. സെക്രട്ടറിക്ക് വേണ്ടി ഹാജരായ ഓവർസീയർക്ക് ഈ പരാതിയിൽ തൃപികരമായ വിശദീകരണം നൽകുന്നതിന് കഴിഞ്ഞില്ല എന്ന് സമിതി വിലയിരുത്തി. ഈ പരാതിയിൻമേൽ 2-2-24നകം സെക്രട്ടറി വിശദീകരണം സമർപ്പിക്കേണ്ടതാണ്.

18-1-24ലെ അദാലത്തിലും സെക്രട്ടറി ഹാജരാവുകയൊ സെക്രട്ടറിക്ക് വേണ്ടി ഹാജരായ ഓവസീയർക്ക് പരാതികളിൽ തൃപ്തികരമായ വിശദീകരണം നൽകുന്നതിനൊ കഴിഞ്ഞിരുന്നില്ല. ആയത് സംബന്ധിച്ച് പ്രത്യേക പരാമർശം നടത്തിയിട്ടും അത് ഗൌനിച്ചതായി കാണുന്നില്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പരാതികൾ അദാലത്തിൽ പരിഗണിക്കുമ്പോൾ മുനിസിപ്പൽ എഞ്ചിനീയറുടെ സാനിധ്യം സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

**പരാതി 4**

**വളാഞ്ചേരി നഗരസഭ**

**ശ്രീ.പി. മുഹമ്മദ് സലീം S/o.പി സൈതലവി, പൊറ്റമ്മൽ ഹൗസ്, റാഹത്ത് മനസ്സിൽ, വളാഞ്ചേരി**എന്നവർക്ക് വളാഞ്ചേരി മുനിസിപ്പാലിറ്റി കാട്ടിപ്പരുത്തി വില്ലേജിൽ 375/10 എന്ന സർവ്വേ നമ്പറിലുള്ള സ്ഥലത്ത് ശ്രീ. പി. മുഹമ്മദ് സലിം എന്നവരുടെയും ഉമ്മയായ ശ്രീമതി കദീജ എന്നവരുടെയും പേരിലുള്ള 28.5 cent സ്ഥലത്ത് വീട് വയ്ക്കുന്നതിനു പെർമിറ്റ് ലഭിച്ചിരുന്നു. ലോൺ എടുക്കുന്നതിലേക്കായി നിലവിലെ permit ൽ അടയാളപ്പെടുത്തിയ സ്ഥലം അടക്കം 14.5 cent സ്ഥലം ശ്രീ. പി. മുഹമ്മദ് സലിം എന്നവരുടെ പേരിലേക്ക് മാറ്റിയിരുന്നു. ആയതിനാൽ പെർമിറ്റ് സലീമിന്റെ മാത്രം പേരിലേക്ക് മാറ്റി നൽകാൻ നഗരസഭയിൽ അപേക്ഷ നൽകിയപ്പോൾ സ്ഥലം മൊത്തമായി കൈമാറ്റം ചെയ്തെങ്കിൽ മാത്രമേ permit മാറ്റാൻ കഴിയുകയുള്ളൂ എന്ന് ഓഫീസ് അധികാരികൾ പറയുന്നു എന്നും വസ്തു വിൽപനയല്ല ഉമ്മയും മകനും തമ്മിലുള്ള വസ്തു ഭാഗമായതിനാൽ permit ടി പേർക്ക് മാറ്റി നൽകണമെന്നാണ് പരാതിയിലും നേരിട്ടും അറിയിച്ചിട്ടുള്ളത്. പരാതിക്കാരന് വേണ്ടി

പിതാവ് സൈദലവിയും നഗരസഭക്ക് വേണ്ടി സൂപ്രണ്ട് ജയശ്രീയും അദാലത്തിൽ ഹാജരായി.

KMBR 2019 ചട്ടം 19(1) പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് കൈവശമുള്ള ഓരോ വ്യക്തിയും നിർമ്മാണം പൂർണമായും നടപ്പിലാക്കാതിരിക്കുകയും ഒക്കുപൻസി സർട്ടിഫിക്കറ്റ് നേടാതിരിക്കുകയും, പെർമിറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തു മുഴുവനായോ അല്ലെങ്കിൽ ഭാഗികമായോ കൈമാറ്റം ചെയ്യുകയാണെങ്കിൽ പെർമിറ്റും മറ്റെന്തെങ്കിലും, കൈമാറ്റം ചെയ്യപ്പെടേണ്ട ആളിന്റെ പേരും, വിലാസവും, പെർമിറ്റ് കൈമാറ്റത്തിന്റെ ഉദ്ദേശ്യവും സഹിതം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ചട്ടം 19(2) പ്രകാരം കൈമാറ്റം ചെയ്യുന്ന വ്യക്തിയിൽ നിന്ന് ഏതെങ്കിലും വസ്തുവിനോട് കൂടി വികസന പെർമിറ്റോ കെട്ടിടനിർമാണ പെർമിറ്റോ കൈമാറ്റം ചെയ്തു ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കൈമാറ്റം ചെയ്ത് കിട്ടിയ വ്യക്തി നിർമ്മാണം ആരംഭിക്കുന്നതിന് അല്ലെങ്കിൽ തുടരുന്നതിനുമുമ്പ് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് നേടിയിരിക്കേണ്ടതാണ് എന്നും പറയുന്നു. ചട്ടം19(3) പ്രകാരം നിർമ്മാണം ആരംഭിക്കുന്നതിനോ അല്ലെങ്കിൽ തുടരുന്നതിനോ വേണ്ടിയുള്ള അനുമതിക്കുള്ള അപേക്ഷ വെള്ള കടലാസിൽ ഉടമസ്ഥാവകാശവും കൈവശാവകാശവുമായി ബന്ധപെട്ട രേഖകളും ഫീസും ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ് എന്ന് പറയുന്നു. ചട്ടം 19(4) പ്രകാരം കൈമാറ്റം നിർമാണത്തെയോ വികസനത്തെയോ ഒരുതരത്തിലും മോശമായി ബാധിക്കുന്നില്ലെന്ന് സെക്രട്ടറിക്ക് ബോധ്യമായാൽ അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ നിർമ്മാണം ആരംഭിക്കാനോ തുടരാനോ അനുവദിച്ചു കൊണ്ടുള്ള പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള രേഖാമൂലമുള്ള അനുമതി നൽകേണ്ടതാണെന്നും പറയുന്നു. എന്നാൽ ചട്ടം 19(5)ൽ അംഗീകരിച്ച പ്ലാനിൽ ഉൾപ്പെട്ടിരിക്കുന്ന പ്ലോട്ടിന്റെ ഭാഗം മറ്റേതെങ്കിലും വ്യക്തിക്ക് കൈമാറുകയോ വിൽക്കുകയോ ചെയ്താൽ നൽകിയ അനുമതി അസാധുവാകുന്നതാണ് എന്നും പറയുന്നു.

19(1)ലും 19(5)ലും പറയുന്ന കാര്യത്തിൽ വൈരുധ്യം കാണുന്നുണ്ടെങ്കിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) NO 27577/2023, WP(C)NO 30055/2023 നമ്പർ കേസുകളിലെ വിധി ന്യായം ചേർത്ത് വായിച്ചാൽ ചട്ടം 19(1), 19(2) ൽ പറയുന്ന കൈമാറ്റം അറിയിക്കാതിരിന്നതോ 19(4) നെ ബാധിക്കാത്ത തരത്തിൽ ഭാഗികമായി പ്ലോട്ട് കൈമാറ്റം ചെയ്യുന്നതോ 19(5) ൽ പറയുന്ന പെർമിറ്റ് അസാധു വാകുന്നതിന് കാരണം അല്ല എന്ന് കാണുന്നു. ആയതിനാൽ ചട്ടം 19(4) പാലിക്കുന്നുവെങ്കിൽ റിവൈസഡ് സൈറ്റ് പ്ലാൻ വാങ്ങി ചട്ടം 19(3)പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിന് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാവുന്നതാണെന്ന് അദാലത്ത് സമിതി വിലയിരുത്തി. ആയത് പ്രകാരം അപേക്ഷ തീർപ്പാക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. അദാലത്ത് തീരുമാനം അപേക്ഷകനെ നഗരസഭ സെക്രട്ടറി അറിയിക്കേണ്ടതും സ്വീകരിച്ച നടപടികൾ അദാലത്ത് സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

**പരാതി 5**

**തവനൂർ ഗ്രാമപഞ്ചായത്ത്**

**ശ്രീ ഹക്കീം കെ.കെ. S/o. അബ്ദു കരിയങ്ങാട്ട് കാവിൽ, മറവഞ്ചേരി** എന്നവർ ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട 10 സെന്റ് ഭൂമിയിൽ വീട് ഉണ്ടാക്കിയതിനാൽ കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. നഞ്ചഭൂമി ആയതിനാൽ തരം മാറ്റുന്നതിനുള്ള അപേക്ഷ ആർ.ഡി.ഒ. ക്ക് സമർപ്പിച്ചിരുന്നു, എന്നാൽ ഇതുവരെ മറുപടി ലഭിച്ചില്ല എന്നാണ് പരാതിയിൽ പറയുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി

ആയതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാത്തതെന്ന് സെക്രട്ടറി അറിയിച്ചു. 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ ചട്ടം 4(4d)പ്രകാരം 5-ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO ഓഫീസിലേക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകന് നൽകേണ്ടതാണ്.

**പരാതി 6**

**ആലങ്കോട് ഗ്രാമപഞ്ചായത്ത്**

**ശ്രീമതി താഹിറ, ഏർക്കരവീട്ടിൽ, ആലങ്കോട്** എന്നവർ 10 വർഷമായി വാടക വീട്ടിൽ താമസിക്കുന്നു. ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയായ തനിക്ക് സ്ഥലം നഞ്ച ഭൂമിയായതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരി അദാലത്തിൽ ഹാജർ ആയിരുന്നില്ല ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്ത ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനോ കെട്ടിടനമ്പർ അനുവദിക്കുന്നതിനോ സെക്രട്ടറിക്ക് കഴിയാത്ത സാഹചര്യമുണ്ട്. ആയതിനാൽ 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നു വെങ്കിൽ ചട്ടം 4(4d)പ്രകാരം 5-ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകക്ക് നിർദ്ദേശം നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 7**

**ആതവനാട് ഗ്രാമപഞ്ചായത്ത്**

**സൈതലവി S/o. രായിൻ, പൊട്ടച്ചോല ഹൗസ് കുറുമ്പത്തൂർ** എന്നവർ റീ. സ.388/5-2, 388/5-3 ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് 25-7-2009ൽ അപേക്ഷ നൽകിയെങ്കിലും നഞ്ച ഭൂമിയായതിനാൽ കെട്ടിന് നമ്പർ അനുവദിച്ചില്ല എന്നാണ് പരാതിയിൽ പറയുന്നത്. 16/175UA എന്ന താല്കാലിക നമ്പർ ആണ് അനുവദിച്ചത്. ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽനിന്നും ബോധ്യപ്പെട്ടത് റീ. സ.388/5 ഭൂമി 10 വർഷം മുമ്പ് നികത്തപ്പെട്ടതാണെന്നാണ്. പെരിന്തൽമണ്ണ സബ് കലക്ടറുടെ 20-9-20ലെ No.RDOPTM/1858/2020-M1 നമ്പർ കത്ത് പ്രകാരവും തിരൂർ സബ് കലക്ടർ 21-3-23ന് മംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ എഫ്1-314/2023 നമ്പർ കത്ത് പ്രകാരവും ഡാറ്റാ ബാങ്കിൽ തെറ്റായി ഉപ്പെട്ടിട്ടുള്ളതും നികത്തപ്പെട്ടത് എന്ന് കാണിച്ചിട്ടുള്ളതുമായ ഭൂമികളെ അൺനോട്ടിഫൈഡ് ലാന്റായി പരിഗണിച്ച് 4.04 ആർസ് ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നതിന് കേരള നെൽവയൽ-തണ്ണീർ തട സംരക്ഷണ (ഭേദഗതി )നിയമം 2018 വകുപ്പ് 27എ (6) പ്രകാരം സെക്രട്ടറിക്ക് നേരിട്ട് നിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന്റെ സാധ്യത സെക്രട്ടറി പരിശോധിക്കേണ്ടതാണ്.

ഈ ഭൂമി ഡാറ്റാ ബാങ്കിൽനിന്നും നീക്കം ചെയ്യുന്നതിന് 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ ചട്ടം 4(4d)പ്രകാരം പരാതിക്കാരൻ 5-ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് 30-3-22ന് അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന് ഇത് വരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO ഓഫീസിലേക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകന് നൽകേണ്ടതാണ്.

**പരാതി 8**

**എടപ്പാൾ ഗ്രാമപഞ്ചായത്ത്**

**ശ്രീമതി ലക്ഷ്മി, പാലിശ്ശേരി പറമ്പിൽ, പെരുമ്പറമ്പ്** എന്നവർ പഴയ വീട് പൊളിച്ച സ്ഥാനത്ത് നിർമ്മിച്ച പുതിയ വീടിന് കെട്ടിട നമ്പർ അനുവദിച്ചില്ല എന്നാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്. ലക്ഷ്മിക്ക് വേണ്ടി മകളാണ് അദാലത്തിൽ ഹാജരായിരുന്നത്. സെറ്റ് ബാക്ക് അളവുകൾ പാലിക്കാത്തതിനാലാണ് കെട്ടിട നമ്പർ നൽകാൻ കഴിയാത്തത് എന്ന് സെക്രട്ടറിക്ക് വേണ്ടി ഹാജരായ സെക്ഷൻ ക്ലാർക്ക് അറിയിച്ചു. 2014ൽ 2 ലക്ഷം രൂപ ഐ. എ. വൈ. സ്കീം പ്രകാരമുള്ള വീട് വെക്കുന്നതിന് ലഭിച്ചിരുന്നു എന്ന് പരാതിക്കാരി അറിയിച്ചു. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം 8 പ്രകാരമുള്ള ഇളവുകൾ ലഭിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിക്കുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. വിവരം പരാതിക്കാരിയെ സെക്രട്ടറി രേഖാമൂലം അറിയിക്കേണ്ടതും തുടർനടപടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**പരാതി 9**

**എടയൂർ ഗ്രാമപഞ്ചായത്ത്**

**ശ്രീ മുഹമ്മദ് ഫവാസ് ഭാര്യ സുനീറ, കരിൻ കുറയിൽ കക്കൻചിറ വടക്കുംപുറം എടയൂർ.** വീടിന്റെ പടിഞ്ഞാറുഭാഗം വേണ്ടത്ര സെറ്റ് ബാക്ക് ഇല്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നും വീട്ടുനമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്. മുഹമ്മദ് ഫവാസും എടയൂർ ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിയുമാണ് അദാലത്തിൽ ഹാജർ ആയിരുന്നത്. പരാതിക്കാരൻ പഞ്ചായത്തിന്റെ പെർമിറ്റ് കൂടാതെയാണ് വീട് നിർമ്മിച്ചത് എന്ന് അസി. സെക്രട്ടറി അറിയിച്ചു. വീടിന് വേണ്ടത്ര സെറ്റ് ബാക്ക് ഇല്ലാത്തതിനാലാണ് നമ്പർ നൽകാത്തത്. 30-11-2019ന് ഇത് സംബന്ധിച്ച നോട്ടീസ് പരാതിക്കാരന് നൽകിയിട്ടുണ്ട്. പരാതിക്കാരൻ പറയുന്നത് വീട് നിർമ്മിക്കുന്ന സമയത്ത് പ്രസ്തുത വഴി ഇടവഴിയാണെന്നും പെർമിറ്റ് അനുവദിച്ചതിനുശേഷമാണ് ഇടവഴി വീതി കൂട്ടി കോൺക്രീറ്റ് ചെയ്തത് നിർമ്മിച്ചത് എന്നുമാണ്. പഞ്ചായത്തിൽനിന്നുള്ള വാക്കാൽ അനുമതി പ്രകാരമാണ് നിർമ്മാണം നടത്തിയത് എന്നും പരാതിക്കാരൻ അറിയിച്ചു. റോഡിൽ നിന്നുള്ള അകലം രണ്ടുമീറ്റർ വേണ്ടിടത്ത് 1.70 ആണ് ഉള്ളത്. Tolerance 5% ലഭ്യമാക്കാൻ കഴിയുമൊ എന്നും പരാതിക്കാരന്റെ മേൽ വാദത്തിന്റെ അടിസ്ഥാനത്തിലും കെട്ടിടം ഒരിക്കൽ കൂടി പരിശോധന നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പരിശോധിച്ച് 03/02/2024 ന് മുൻപായി ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പരാതിക്കാരെ അറിയിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 10**

**കാലടി ഗ്രാമപഞ്ചായത്ത്**

**ശ്രീമതി ഷക്കീല, കളക്കര ഹൗസ്, കാലടി** എന്നവർ കെട്ടിട നമ്പർ അനുവദിക്കുന്നതിനായാണ് പരാതി നൽകിയിരിക്കുന്നത്. പരാതിക്കാരിയായ ഷക്കീലയ്ക്ക് വേണ്ടി അബ്ദുൾ അസീസ് എന്നവരും കാലടി ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കും അദാലത്തിൽ ഹാജരായിരുന്നു. നിർധനയായ ഷക്കീലയ്ക്ക് നാട്ടുകാർ ധന സമാഹരണം നടത്തിയാണ് വീട് നിർമ്മിച്ചു നൽകിയത്. 26-9-23ന് നിർമ്മാണം പൂർത്തിയായ വീട് ക്രമ വൽക്കരിച്ച് നമ്പർ ലഭിക്കുന്നതിന് കാലടി പഞ്ചായത്തിൽ അപേക്ഷ നൽകിപ്പോൾ 9150/-രൂപ റെഗുലറൈസേഷൻ ഫീസ് അടക്കുന്നതിനായി പഞ്ചായത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഭർത്താവ് മരണപ്പെട്ട, 4 പെൺകുട്ടികളുള്ള പരാതിക്കാരിക്ക് ഈ പണം

അടയ്ക്കാനുള്ള സാഹചര്യം ഇല്ലാത്തതിനാൽ പ്രത്യേക പരിഗണന ലഭിക്കുന്നതിനായി ഈ നിവേദനം സർക്കാരിന്റെ പരിഗണനക്ക് അയക്കുന്നതിനായി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 11**

**വെളിയംകോട് ഗ്രാമപഞ്ചായത്ത്**

**ശ്രീമതി അലീമ, കാളിയത്ത് വീട്, വെളിയംകോട്** എന്നവർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് കരാർ വെച്ച ഗുണഭോക്താവായിട്ടും CRZ പരിധിയിൽ പെട്ടതിനാൽ വീടിന് പെർമിറ്റ് ലഭിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരിയായ അലീമക്ക് വേണ്ടി മകൻ സിദ്ധീക്കും വെളിയങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അദാലത്തിൽ ഹാജരായിരുന്നു. പരാതിക്കാരിയുടെ CRZ അപേക്ഷ 3/6/20023ന് മലപ്പുറത്തേക്ക് അയച്ചിരുന്നു. ടൌൺ പ്ലാൻ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ 07/02/2023ലെ DLC തീരുമാനപ്രകാരം CRZ Approval നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിശ്ചിത അറിയിപ്പ് ലഭ്യമായിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. ആയത് പരിശോധിച്ചു ടൌൺ പ്ലാൻ ഓഫീസിൽനിന്നു ആയതിന്റെ രേഖ ശേഖരിച്ച് പരാതിക്കാരിക്ക് പെർമിറ്റ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 12**

**നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**

**ശ്രീ. ഉമ്മർ എം.വി, മക്കന്റെവളപ്പിൽ വീട്, നന്നംമുക്ക്** എന്നവർ നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ 6–ാം വാർഡിൽ മർവ്വ ഷോപ്പിംഗ് കോംപ്ലക്സിലെ 6/721 J നമ്പറുള്ള കടമുറിയിൽ ട്രേഡ് ലൈസൻസ് അനുവദിക്കുന്നതിന് വേണ്ടിയാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. ഉമ്മറും നന്നമുക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും അദാലത്തിൽ ഹാജരായിരുന്നു. ഈ പരാതി 31/10/2023ലെ അദാലത്തിൽ പരിഗണിച്ച് സെക്രട്ടറിക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആ നിർദ്ദേശങ്ങൾ സെക്രട്ടറി പാലിക്കാത്തതിനാൽ പരാതി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുകയും ചെയ്തിരുന്നു. ജില്ലാ തലത്തിൽ നിന്നും തൃപ്തികരമായ തീരുമാനം ലഭിക്കാത്തതിനാലാണ് നവകേരള സദസ്സിൽ പരാതി നൽകിയതെന്ന് ശ്രീ. ഉമ്മർ അറിയിച്ചു. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിനുള്ളതെങ്കിലും ഒരു സംരംഭകനായ തന്റെ അപേക്ഷയിൽ തീരുമാനമെടുക്കാതെ നീട്ടികൊണ്ടുപോവുകയാണ് സെക്രട്ടറി ചെയ്യുന്നതെന്നുംപരാതിക്കാരൻ അറിയിച്ചു. ആയതിനാൽ പരാതി ഈ അദാലത്തിൽ തീർപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ശ്രീ ഉമ്മറിന്റെ അപേക്ഷ പ്രകാരം പരാതി ഗവൺമെന്റിലേക്ക് അയയ്ക്കുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു

**പരാതി 13**

**നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**

**ശ്രീ. സൈനുദ്ദീൻ, S/0. മുഹമ്മദുണ്ണി, മേച്ചിനാത്ത് വളപ്പിൽ, പള്ളിക്കര, നന്നംമുക്ക്** എന്നവർ സർവ്വേനമ്പർ 272/5-4 ൽ 1 ആർ 63 സ്ക്വയർ മീറ്റർ സ്ഥലത്ത് വീട്ടു നിർമ്മിച്ചെങ്കിലും നഞ്ച ഭൂമി ആയതിനാൽ നമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണ്. അതിൽനിന്നും നീക്കം ചെയ്യുന്നതിന് 25-11-23ന് RDO ക്ക് ഫോറം 5ൽ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അദാലത്തിൽ ഹാജരായ ശ്രീ. സൈനുദ്ധീൻ അറിയിച്ചു. ആയതിന് ഇത് വരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO

ഓഫീസിലേക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്.

**പരാതി 14**

**പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്**

**ശ്രീ. അഹമ്മദ് വി. പി., വൈശ്യാരകത്ത്, പെരുമ്പടപ്പ്** എന്നവർ നിർമ്മിച്ച വീട് CRZ പരിധിയിൽ പെട്ടതിനാൽ 18/314A(UA) എന്ന താത്കാലിക നമ്പരായിരുന്നു അനുവദിച്ചത് എന്നും പിന്നീട് CRZ അനുമതി ലഭിക്കുകയും 18/307എ എന്ന സ്ഥിരം നമ്പർ ലഭിക്കുകയും 3 വർഷം നികുതി അടക്കുകയും ചെയ്തിരുന്നു. എന്നാൽ പഴയ താല്കാലിക നമ്പറിൽ നികുതി അടക്കാൻ നോട്ടീസ് വന്നിരിക്കുകയായാണെന്നും 18/307എക്ക് നികുതി അടക്കാൻ കഴിയുന്നില്ലെന്നും പുതിയ കെട്ടിട നമ്പർ അനുവദിക്കുന്നില്ലെന്നും പരാതിയിൽ പറയുന്നു. അഹമ്മദ് വൈശ്യാരകത്ത് എന്നവരും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അദാലത്തിൽ ഹാജർ ആയിരുന്നു പരാതിക്കാരന്റെ കെട്ടിട നമ്പറായ 18/307 എ എന്നതിന് പകരം 18/314എ(UA) എന്നാണ് നിലവിൽ സഞ്ചയ സോഫ് വെയറിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കാണുന്നത്. 18/307എ എന്നത് ഡിമോളിഷ് ചെയ്തു എന്നാണ് സെക്രട്ടറി അറിയിച്ചത്. താല്കാലിക UA നമ്പരായ 18/314A(UA) രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് പകരം 18/307എ എന്ന സ്ഥിര നമ്പർ തെററായി രജിസ്റ്ററിൽനിന്നും ഡിലീറ്റ് ചെയ്തു എന്നാണ് ബോധ്യപ്പെട്ടത്. ഇത് മൂലമാണ് പരാതിക്കാരൻ സങ്കടമനുഭവിക്കുന്നത്. ഇത് പഞ്ചായത്ത് ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടായ വലിയ വീഴ്ചയാണ്. വീഴ്ചക്ക് ഉത്തരവാദികളെ കണ്ടെത്തി സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. പരാതിക്കാരന്റെ പേരിലുള്ള 18/307എ എന്ന നമ്പർ വീണ്ടും അവർക്ക് അനുവദിക്കുന്നതിനും നികുതി അടക്കുന്നതിനും വേണ്ടി സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ എനേബിൾ ചെയ്ത് നൽകുന്നതിന് IKM അധികൃതർക്ക് ഉചിത മാർഗ്ഗേന പ്രത്യേക അപേക്ഷ സമർപ്പിച്ച് നമ്പർ വീണ്ടും അനുവദിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. 18/314A(UA) എന്ന താത്കാലിക നമ്പർ അസ്സസ്സ്മെന്റ് രജിസ്റ്ററിൽനിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച വിവരം അപേക്ഷകനെ രേഖാമൂലം സെക്രട്ടറി അറിയിക്കേണ്ടതാണ്.

**പരാതി 15**

**പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്**

**ശ്രീ. മുഹമ്മാദലി, വാക്കേത്ത് വളപ്പിൽ ഹൌസ്, ചിറവല്ലൂർ, ആമയം** എന്നവർ നഞ്ച ഭൂമിയിൽ ഉൾപ്പെട്ടതിനാൽ 12 വർഷമായി താമസിക്കുന്ന വീടിന് നമ്പർ അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരനായ മുഹമ്മദാലി അദാലത്തിൽ ഹാജരായിരുന്നില്ല. അപേക്ഷ സമർപ്പിച്ച് നഞ്ച കമ്മറ്റി പരിശോധിച്ചെങ്കിലും നമ്പർ അനുവദിച്ചില്ല. 1800 ച. അടി വിസ്തൃതിയിലുള്ള വീട് നിൽക്കുന്ന ഭൂമിയുടെ ഒരു ഭാഗം മാത്രമാണ് നഞ്ച ഭൂമിയായുള്ളതെന്നും അതിൽ കരഭൂമിയിലാണ് വീട് വെച്ചതെന്നും പരാതിക്കാരൻ ഫോൺ വഴി അറിയിച്ചു. കരഭൂമി ഉൾപ്പെട്ട സർവ്വെ നമ്പറിലാണ് വീട് നിർമ്മിച്ചതെന്ന് പരിശോധിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ആയത് സംബന്ധിച്ച് വില്ലേജ് ഓഫീസിറിൽ നിന്നും കത്ത് ഹാജരാക്കുകയാണെങ്കിൽ സെക്രട്ടറി അത് പരിഗണിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ ചട്ടം 4(4d)പ്രകാരം പരാതിക്കാരൻ 5–ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ച് ഉത്തവ് വാങ്ങി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഈ വിവരം സെക്രട്ടറി പരാതിക്കാരനെ അറിയിക്കേണ്ടതാണ്.

**പരാതി 16**
**പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്**
**ശ്രീ. യാക്കൂബ്, കിഴക്കൂട്ട് വീട്, പാലപ്പെട്ടി, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്** എന്നവർക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം അനുവദിച്ച വീടിന് CRZ പരിധിയിൽ പെട്ടതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരനായ യാക്കൂബും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അദാലത്തിൽ ഹാജരായിരുന്നു. CRZ അനുമതിക്കുള്ള അപേക്ഷ 13-2-23ന് DCZMAക്ക് സങ്കേതം സോഫ് വെയർ വഴി സമർപ്പിക്കുകയും ആയത് പരാതിക്കാരന് അനുകൂലമായി തീർപ്പാക്കുകയും KCZMAക്ക് അയക്കുകയും ചെയ്തിട്ടുണ്ടെന്ന് ടൌൺ പ്ലാനിംഗ് ഓഫീസിൽനിന്നും അറിയിച്ചു. ജില്ലാ സമിതി പരാതിക്കാരന് അനുകൂലമായി തീരുമാനമെടുത്തത് അറിയിച്ചുകൊണ്ടുള്ള മിനിട്സ് പഞ്ചായത്തിലേക്ക് അയച്ചതായി ജില്ല ഓഫീസിൽ നിന്നും അറിയിച്ചു. ആയത് ലഭ്യമായില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇമെയിൽ ഒരിക്കൽ കൂടി ചെക്ക് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 27-1-2024 നകം ആയതു ലഭ്യമായില്ലെങ്കിൽ മലപ്പുറം ടൗൺ പ്ലാനിങ് ഓഫീസുമായി ബന്ധപ്പെട്ട് മിനുട്സ് പകർപ്പ് കൈപ്പറ്റി പരാതിക്കാരന് പെർമിററ് അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 17**
**വട്ടംകുളം ഗ്രാമപഞ്ചായത്ത്**
**ശ്രീമതി ലാജി കെ W/o ബാബു നൂനിയിൽ വീട് ശുകപുരം വട്ടംകുളം** എന്നവർ 13ആം വാർഡിൽ താമസിക്കുന്ന വീട് നിൽക്കുന്ന 5 സെന്റ് ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാൽ വീട്ടുനമ്പർ ലഭിക്കുന്നില്ല എന്നാണ് പരാതി പറയുന്നത്. കരുതലും കൈത്താങ്ങും താലൂക്ക് തല അദാലത്തിൽ പരാതി നൽകിയിട്ടും പരിഹാരമുണ്ടായില്ല. ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കി കിട്ടുന്നതിന് ഫോറം നം. 5ൽ RDO ക്ക് അപേക്ഷ നൽകാനാണ് പറഞ്ഞത്. ആയത് പ്രകാരം ചെയ്തിട്ടും അനുമതിലഭിക്കാത്തതിനാലാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. **ആർ ഡി ഒ യിൽനിന്നും ഇത് വരെ ഉത്തരവ് ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO ഓഫീസിലേക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്.**

**പരാതി 18**
**വട്ടംകുളം ഗ്രാമപഞ്ചായത്ത്**
**ശ്രീമതി സിജി ടി.വി. D/o. ടി.വി. വേലായുധൻ, തയ്യില വളപ്പിൽ എടപ്പാൾ** എന്നവർ 37 വർഷം പഴക്കമുള്ള വീടിന് നികുതി അടയ്ക്കുന്നതിനായാണ് പരാതി നൽകിയിരിക്കുന്നത്. പരാതിക്കാരിയായ സിജിയും വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വേണ്ടി സെക്ഷൻ ക്ലാർക്ക് ജതീഷും അദാലത്തിൽ പങ്കെടുത്തു. 8/1006 എന്ന നമ്പറിൽ പരാതിക്കാരിയുടെ മാതാപിതാക്കൾ 2014വരെ കെട്ടിട നികുതി അടച്ചതാണ്. നികുതി ചീട്ട് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ, മാതാപിതാക്കളുടെ മരണശേഷം കെട്ടിട നികുതി അടവാക്കാൻ കഴിഞ്ഞിരുന്നില്ല. കുടിശ്ശിക തീർത്ത് നികുതി അടക്കുവാൻ അനുമതിക്കാണ് പരാതി നൽകിയിരിക്കുന്നത്. അസ്സസ്സ്മെന്റ് രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്ത അവസരത്തിൽ ഈ കെട്ടിട നമ്പർ വിട്ട് പോയതാവാം എന്നും പ്യൂരിഫിക്കേഷൻ എനേബിൾ ചെയ്യുമ്പോൾ പ്രസ്തുത കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്ത് നികുതി അടവാക്കാനാകുമെന്നും പഞ്ചായത്ത് സെക്രട്ടറിക്ക് വേണ്ടി സെക്ഷൻ ക്ലാർക്ക് അറിയിച്ചു. പഴയ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് പരാതിക്കാരിയുടെ മാതാപിതാക്കളുടെ പേരിലുള്ള 8/1006 എന്ന നമ്പർ വീണ്ടും അവർക്ക് അനുവദിക്കുന്നതിനും നികുതി കുടിശ്ശിക സഹിതം അടക്കുന്നതിനും വേണ്ടി സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ എനേബിൾ ചെയ്ത് നൽകുന്നതിന് IKM അധികൃതർക്ക്

ഉചിത മാർഗ്ഗേന പ്രത്യേക അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി പരാതി തീർപ്പാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പരാതി 19
വട്ടംകുളം ഗ്രാമപഞ്ചായത്ത്
**ശ്രീമതി ഷമീന, W/o.മുസ്തഫ, നേട്ടത്ത് വളപ്പിൽ. വട്ടംകുളം** എന്നവർ I A Y ഭവന പദ്ധതി പ്രകാരം ലഭിച്ച വീടിന് നമ്പർ ലഭിക്കുന്നതിന് വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരാതിക്കാരി അദാലത്തിൽ ഹാജർ ആയിരുന്നില്ല. 20/11/2023ന് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ ആർ ഡി ഒയ്ക്ക് സമർപ്പിച്ചിരുന്നു എന്നും മറുപടി ലഭിച്ചില്ലെന്നും പരാതിക്കാരി ടെലഫോൺ വഴി അറിയിച്ചു. **ആയതിന് ഇത് വരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO ഓഫീസിലേക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്.**

പരാതി 20
വട്ടംകുളം ഗ്രാമപഞ്ചായത്ത്
**ശ്രീ ഹൈദരലി, S/o. മുഹമ്മദ് കുട്ടി, പൊറാടത്ത് വീട്, ഉദിനിക്കര, വട്ടംകുളം** എന്നവർ 3-3-1986ന് മരണപ്പെട്ട പിതാവിന്റെ മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാണ് പരാതി നൽകിയിരിക്കുന്നത്. ഹൈദരാലി അദാലത്തിൽ ഹാജരായിരുന്നില്ല. പരാതിക്കാരനെ ടെലഫോൺ വഴി ബന്ധപ്പെട്ടപ്പോൾ വില്ലേജ് ഓഫീസിൽ രേഖകൾ സമർപ്പിച്ചിരുന്നു എന്നും പിതാവിന്റെ മരണ സമയത്തിന് ജീവിച്ചിരുന്ന രണ്ട് സാക്ഷികളെ ഹാജരാക്കാൻ വില്ലേജ് ഓഫീസിൽനിന്നും നിർദ്ദേശിച്ചു എന്നും പറഞ്ഞു. പിതാവിന്റെ മരണം വൈകി രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി RDOയുടെ ഉത്തരവ് ആവശ്യമാണ്. **മരണം വൈകി രജിസ്റ്റർ ചെയ്യുന്നതിന് പരാതിക്കാരൻ അപേക്ഷ നൽകിയിട്ടില്ലെന്ന് സെക്രട്ടറിക്ക് വേണ്ടി ഹാജരായ സീനിയർ ക്ലാർക്ക് അറിയിച്ചു. NAC അടക്കമുള്ള രേഖകൾ പരാതിക്കാൻ തയ്യാറാക്കിയതായി കാണുന്നു. ആയത് വില്ലേജ് ഓഫിസിൽ സമർപ്പിച്ചതായും മനസ്സിലാക്കുന്നു. മരണം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി തിരൂർ ആർ ഡി ഒക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് റിപ്പോർട്ടിംഗ് ഫോറം (മഞ്ഞ നിറത്തിലുള്ളത് ) 2 എണ്ണം പഞ്ചായത്തിൽനിന്നും വാങ്ങി മറ്റു രേഖകൾ സഹിതം RDO ക്ക് സമർപ്പിക്കുവാൻ പരാതിക്കാരനെ രേഖമൂലം അറിയിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. RDO ഉത്തരവ് ലഭിക്കുന്ന മുറക്ക് മരണം രജിസ്റ്റർ ചെയ്ത് നൽകുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.**

പരാതി 21
കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്
**ശ്രീ. സൈതലവി കോയ തങ്ങൾ വി.ടി., S/o. മുഹമ്മദ് കോയ തങ്ങൾ, വലിയാക്കത്തൊടി ഹൗസ്, അയിരാനി,കൽപ്പകഞ്ചേരി** എന്നവർ വീട്ടുനമ്പർ ലഭിക്കുന്നതിന് വേണ്ടിയാണ് പരാതി നൽകിയിരിക്കുന്നത്. സൈതലവി കോയതങ്ങളും ഗ്രാമപഞ്ചായത്ത് ഓവർസയറും ആണ് അദാലത്തിൽ പങ്കെടുത്തിരുന്നത്. തിരൂർ സബ് കോടതിയുടെ 4-4-2022ലെ OS No.57/2020 നമ്പർ ഉത്തരവ് പ്രകാരം റീ. സ. 453/9 ൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് വാങ്ങി വീട് വെച്ചു. തന്റെ പിതാവിന്റെ പേരിലുള്ള, മക്കൾക്ക് ഭാഗം ചെയ്യാത്ത ഭൂമിയിലാണ് കോടതി ഉത്തരവ് പ്രകാരം വീട് നിർമ്മിച്ചത്. 327.56 മീറ്റർ സ്ക്വയർ വിസ്തീർണ്ണമുള്ള വീട് ആയതിനാൽ കിണർ റീചാർജിങ് /ഗ്രൗണ്ട് വാട്ടർ റീചാർജ്, മഴവെള്ള സംഭരണി, വേസ്റ്റ് ഡിസ്പോസൽ സംവിധാനം എന്നിവ നിർബന്ധമായും നിർമ്മിക്കേണ്ടതുണ്ടെന്ന് സെക്രട്ടറിക്ക്

വേണ്ടി ഹാജരായ ഓവർസീയർ അറിയിച്ചു. ആയത് സംബന്ധിച്ച കത്തും പാരിതിക്കാരന് നൽകിയിട്ടുണ്ട്. മേൽ സൌകര്യങ്ങളെല്ലാം അനുവദിക്കപ്പെട്ട പെർമിറ്റിൽ ഉൾപ്പെട്ടതാണെങ്കിൽ അവ ഒരുക്കുന്നതിന് മറ്റൊരു അനുമതിയുടെ ആവശ്യമില്ലെന്നും ആർക്കും അത് തടസ്സപ്പെടുത്താൻ കഴിയില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ സെക്രട്ടറിയുടെ നോട്ടീസിൽ പറയുന്ന അപാകതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകി തീരുമാനിച്ചു. അപാകത പരിഹരിച്ച് പുനസമർപ്പിക്കുന്ന മുറക്ക് വീട്ടുനമ്പർ അനുവദിച്ചു നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

പരാതി 22
**കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്**
**ശ്രീമതി സൈനബ, W/o. കുട്ട്യാലി ഹാജി, പറമ്പാട്ട് ഹൗസ്, പാറപ്പറം കല്പകഞ്ചേരി** എന്നവർ തന്റെ ഭർത്താവിന്റെ പേരിലുണ്ടായിരുന്ന നൂറുവർഷം പഴക്കമുള്ള 19/182 നമ്പർ വീട് പൊളിച്ച് അവിടെ പുതിയ വീട് നിർമ്മിച്ചു. നഞ്ചഭൂമിയായതിനാൽ ആ വീടിന് നമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരിയായ സൈനബയ്ക്കു വേണ്ടി മകൻ ഷാഫിയാണ് അദാലത്തിൽ ഹാജർ ആയത്. 26/8 സർവ്വേ നമ്പറിലുള്ള കരഭൂമിയിലാണ് വീട് വെച്ചതെന്നാണ് പരാതിക്കാരൻ പറയുന്നത്. 2018ൽ പെർമിറ്റ് എടുത്തിട്ടുണ്ടെന്നും അവർ അറിയിച്ചു. പരാതിക്കാരൻ പറയുന്നത് തെളിയിക്കുന്നതിനുള്ള രേഖകൾ കൽപ്പകഞ്ചേരി പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കുന്നതിന് പരാതിക്കാരന് അറിയിപ്പ് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പഞ്ചായത്തിൽനിന്നും നൽകിയ പെർമിറ്റും വീട് നിർമ്മിച്ച ഭൂമി കരഭൂമിയാണെന്ന് തെളിയിക്കുന്ന രേഖയും പരാതിക്കാരൻ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

പരാതി 23
**കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്**
**ശ്രീ അബ്ദുൽസലാം കെ വി കല്ലുവളപ്പിൽ** ഹൗസ് കുറുക പോസ്റ്റ് കടിയാപുരം എന്നവർ വീട് വെച്ച റീ. സ.58/2 കൃഷിഭൂമിയായതിനാൽ വീട്ടുനമ്പർ അനുവദിക്കുന്നില്ല എന്നാണ് അപേക്ഷയിൽ സൂചിപ്പിച്ചത്. പരാതിക്കാരനെ ബന്ധപ്പെടുത്തതിന് കഴിഞ്ഞിട്ടില്ല. കൂടുതൽ വിവരങ്ങളൊന്നും പരാതിയിൽ പറയുന്നില്ല, രേഖകളും വെച്ച് കാണുന്നില്ല. പരാതിക്കാരന്റെ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെതാണെങ്കിൽ **2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ ചട്ടം 4(4d)പ്രകാരം 5-ാം നമ്പർ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകി കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.**

പരാതി 24
**കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്**
**ശ്രീ ഉസ്മാൻ എം ടി W/o ഹംസ മേലെതൊടി രണ്ടത്താണി.** നഞ്ച ഭൂമി ആയതിനാൽ 6 വർഷം മുമ്പ് വെച്ച വീടിന് കെട്ടിട നമ്പർ അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതിപ്പെട്ടിരിക്കുന്നത്. അടുത്തുള്ള വീടുകൾക്ക് നമ്പർ ലഭിച്ചിട്ടുണ്ട്. അപേക്ഷകനെ(സീനത്ത്) ഫോണിൽ കേട്ടതിൽനിന്നും ഭൂമി ഡാറ്റാ ബാങ്കിൽനിന്നും നീക്കം ചെയ്യുന്നതിന് ഫോറം നം. 5 ൽ RDO ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. **ആർ ഡി ഒ യിൽനിന്നും ഇത് വരെ ഉത്തരവ് ലഭിക്കാത്ത സാഹചര്യത്തിൽ ഈ പരാതി RDO ഓഫീസിലേക്ക് കൈമാറുന്നതിന് ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരം സെക്രട്ടറി അപേക്ഷകനെ അറിയിക്കേണ്ടതാണ്.**

പരാതി 25

കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

**ശ്രീമതി നസീറ വി പി വട്ടപ്പറമ്പിൽ ഹൗസ് മഞ്ഞ ചോല കൽപ്പകഞ്ചേരി** എന്നവർ വീട്ടുനമ്പർ ലഭിക്കുന്നതിന് വേണ്ടിയാണ് പരാതി നൽകിയത്. പരാതിക്കാരി വീട്ടു നമ്പറിനായുള്ള അപേക്ഷ നൽകിയതിൽ വീടിന്റെ വിസ്തീർണ്ണം 800 മീറ്റർ സ്ക്വയർ എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ സൈറ്റിൽ വീടിന് 112.5 മീറ്റർ സ്ക്വയർ വിസ്തീർണ്ണം ഉണ്ടെന്നും 100ൽ കൂടുതലായതിനാൽ ക്രമവൽക്കരിക്കേണ്ടതുണ്ടെന്നും ഓവർസീയർ അറിയിച്ചു. ഇതിനായി 16-9-23ന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ആയതിനാൽ ശരിയായ അളവിലുള്ള പ്ലാൻ തയ്യാറാക്കി ക്രമവൽക്കരണ അപേക്ഷ നൽകുന്നതിന് പരാതിക്കാരിയെ അറിയിക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**<u>ഈ അദാലത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിമാർ നടപടികൾ സ്വീകരിച്ച് ഉചിതമായ മറുപടി സമയബന്ധിതമായി പരാതിക്കാർക്ക് നേരിട്ട് അയച്ച് നൽകേണ്ടതും പകർപ്പ് ഈ ഓഫീസിലെ ivo2adlsgdmpm@gmail.com എന്ന മെയിലിലേക്ക് അയച്ച് നൽകേണ്ടതുമാണ്. കൂടാതെ സെക്രട്ടറിമാർ adalatapp.lsgkerala.gov.in എന്ന സൈറ്റിൽ പെൻ നമ്പരും ഔദ്യോഗിക മൊബൈൽ നമ്പരും നൽകി ലോഗിൽ ചെയ്ത് കയറി മേൽ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ അപ്ഡേറ്റ് ചെയ്യേണ്ടതും ആവശ്യമായ രേഖകളും മറുപടികളും അപ്ലോഡ് ചെയ്യേണ്ടതുമാണ്.</u>**

അദാലത്ത് 4.30 പി.എം. സിറ്റിംഗ് അവസാനിച്ചു.

മലപ്പുറം ഉപജില്ലാ സമിതി – ന് വേണ്ടി,

1.ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ്)
2.റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ് )
3.അജയകുമാർ പി, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം (ഒപ്പ്)

//ശരിപ്പകർപ്പ്//

ഖാലിദ് പി കെ,
ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ,
സ്ഥിര അദാലത്ത് ഉപജില്ലാ സമിതി-2

പകർപ്പ് :-

1. സെക്രട്ടറി,

   പൊന്നാനി, വളാഞ്ചേരി നഗരസഭകൾ
   ആലംകോട്, ആതവനാട്, എടപ്പാൾ, എടയൂർ, നന്നമുക്ക്, മാറാക്കര, കാലടി, കൽപ്പകഞ്ചേരി, വട്ടംകുളം, തവനൂർ, വെളിയങ്കോട് ഗ്രാമ പഞ്ചായത്തുകൾ

പകർപ്പ് സമർപ്പിക്കുന്നു(ഉപരിപത്രം സഹിതം):-

കൺവീനർ, ജില്ലാതല അദാലത്ത് സമിതി(എസ്കലേറ്റ് ചെയ്ത പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിന് )